# മെത്രാപ്പോലീത്തായുടെ കത്ത്



**(ഒക്ടോബർ 2015)**

**കർത്താവിൽ പ്രിയരേ,**

ദൈവകൃപയുടെ അനുഗ്രഹവർഷത്തിൽ, 2014–15 ലെ വാർഷികറിപ്പോർട്ടും 2015–16 ലെ ബഡ്ജറ്റും പ്രധാനമായി പര്യാലോചിച്ചു തീരുമാനം ചെയ്ത സഭാപ്രതിനിധിമണ്ഡലം അനുഗൃഹീതമായി പര്യവസാനിച്ചു. സംതൃപ്തി നൽകുന്ന വാർഷികറിപ്പോർട്ടും സുവ്യക്തമായ കണക്കും പ്രതീക്ഷകളുണർത്തുന്ന ബഡ്ജറ്റും മണ്ഡലം അംഗീകരിച്ചു. മണ്ഡലയോഗത്തിന്റെ നടത്തിപ്പിൽ ആദിയോടന്തം വ്യാപരിച്ച ദൈവകൃപയ്ക്കായി നമുക്കു സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം. യോഗത്തിന്റെ ചിട്ടയായ നടത്തിപ്പിന് കാര്യക്ഷമമായ നേതൃത്വം നൽകിയ ഔദ്യോഗിക ചുമതലക്കാരെയും ബന്ധപ്പെട്ട എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. യാത്രാക്ലേശം ഉൾപ്പെടെയുള്ള പ്രതികൂല സാഹചര്യങ്ങളുടെ മധ്യത്തിലും മണ്ഡലത്തിന്റെ രണ്ടാം ദിവസത്തെ യോഗങ്ങളിൽ സന്നിഹിതരാകുന്നതിനു തയ്യാറായ ഏവരെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ വർഷത്തെ മണ്ഡലയോഗത്തിന്റെ പഠനവിഷയമായി തിരഞ്ഞെടുത്ത ‘വിശ്വാസവും സാക്ഷ്യവും – പൊതു സമൂഹത്തിൽ’ എന്ന വിഷയവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പഠനപുസ്തകം മണ്ഡലാംഗങ്ങൾക്കിടയിലാണ് വിതരണം ചെയ്തതെങ്കിലും എല്ലാ ഇടവകകളിലും പ്രത്യേകിച്ചും യുവജനസഖ്യവും സേവികാസംഘവും ആ പഠനപുസ്തകം അടിസ്ഥാനമാക്കി ചില ക്ലാസുകൾ ക്രമീകരിക്കുവാൻ താൽപര്യപ്പെടണം. നമ്മുടെ വിശ്വാസം സമൂഹം ദർശിക്കുന്നതു പൊതുസമൂഹത്തിലെ നമ്മുടെ സാക്ഷ്യത്തിലൂടെയാണ്. സ്വർഗ്ഗാരോഹണത്തിനു മുമ്പ് ദൈവജനത്തിന്റെ ലോകദൗത്യമായി വിശ്വാസവും സാക്ഷ്യവും പൊതുസമൂഹത്തിൽ പ്രകാശിപ്പിക്കേണ്ടത് തന്റെ സാക്ഷികളായിരിക്കുന്നതിലൂടെയാണ് എന്ന് നമ്മുടെ കർത്താവ് പ്രബോധിപ്പിച്ചു – “എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും” (അ.പ്ര. 1:8).

ക്രിസ്തുവാകുന്ന സുവിശേഷത്തിലുള്ള വിശ്വാസം നമ്മുടെ ഉള്ളിലാകുമ്പോൾ, ആ വിശ്വാസത്തിൽ നാം വളർന്നു വരുമ്പോൾ സാക്ഷ്യത്തിന്റെ വെളിച്ചം പൊതുസമൂഹത്തെത്തന്നെ പ്രകാശപൂരിതമാക്കും. അപ്പൊസ്തലനായ വിശുദ്ധ പൌലൊസ്, തിമൊഥെയോസിന് എഴുതിയ രണ്ടാം ലേഖനത്തിൽ പറയുന്നു – “ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അത് ആകുന്നു എന്റെ സുവിശേഷം.” (2 തിമൊ. 2:8). കൊരിന്ത്യാ സഭയോടു വി. പൌലൊസ് പറഞ്ഞു – “ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ലാ എങ്കിൽ എനിക്കു അയ്യോ കഷ്ടം!” (1 കൊരി. 9:16). റോമർക്കെഴുതിയ ലേഖനത്തിൽ വി. പൌലൊസ് പറഞ്ഞു. “സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല” (റോമർ 1:16) ക്രിസ്തുവാകുന്ന സുവിശേഷം പൊതു സമൂഹത്തിനു അനുഗ്രഹവും പ്രശംസയുമായിത്തീരണമെങ്കിൽ സാക്ഷ്യത്തിലൂടെ സുവിശേഷം പ്രഘോഷിക്കപ്പെടണം. അതിനായി ദൈവം നമ്മെ ശക്തീകരിക്കട്ടെ.

പിന്നിട്ട മാസത്തിൽ, മാർത്തോമ്മാ സഭയിലെ പ്രതിഭാശാലികളായിരുന്ന രണ്ടു പേരുടെ ജന്മശതാബ്ദി സമുചിതമായി അനുസ്മരിക്കപ്പെട്ടു. വേദശാസ്ത്രരംഗത്ത് നിസ്തുല്യ സംഭാവനകൾ നൽകിയ ഡോ. എം.എം. തോമസിന്റെയും, മലയാള ഭാഷയിലും സാഹിത്യത്തിലും ശ്രേഷ്ഠസംഭാവനകൾ നൽകിയ ഡോ. കെ. എം. ജോർജ്ജിന്റെയും ജന്മശതാബ്ദിയോടനുബന്ധിച്ച് വിവിധ സമ്മേളനങ്ങളും പരിപാടികളും നടത്തപ്പെട്ടു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഉദിച്ചുയർന്ന വേദശാസ്ത്രചിന്താധാരകൾക്ക് ക്രിസ്തു കേന്ദ്രീകൃതമായ സാമൂഹ്യ ദർശനത്തിലൂന്നിയ മാനങ്ങൾ നൽകിയ ദാർശനികനായിരുന്നു ഡോ. എം.എം. തോമസ്. സുവിശേഷം വ്യക്തിപരമായ രക്ഷയുടെ തലത്തിൽ മാത്രം വ്യാഖ്യാനിക്കേണ്ടതല്ല; ആത്യന്തികമായി ലോകത്തിന്റെ വിമോചനവും രക്ഷയുമാണ് സുവിശേഷത്തിന്റെ ലക്ഷ്യം. അതിന് ക്രിസ്തു കേന്ദ്രീകൃതമായ ജീവിതശൈലിയാണ് സഭയ്ക്കും സമൂഹത്തിനും ആവശ്യമായിരിക്കുന്നതെന്ന് ഉറച്ചു വിശ്വസിക്കുകയും തന്റെ നിരവധി പുസ്തകങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും മാത്രമല്ല അത് ജീവിതത്തിൽകൂടിയും അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജീവമാകുന്നു” (യാക്കോബ് 2:26) എന്ന് യാക്കോബ് അപ്പോസ്തോലൻ വ്യക്തമാക്കുന്നത് ജീവിതപാഠമാകണമെന്നു നിരന്തരം അദ്ദേഹം പ്രബോധിപ്പിച്ചു. എക്യുമെനിസത്തിന്റെ ശക്തനായ വക്താവായിരുന്നു അദ്ദേഹം. എക്യുമെനിസം എന്നത് സഭകൾ തമ്മിലുള്ള ഒരു ബന്ധത്തിൽ മാത്രമായി ഒതുങ്ങിനിൽക്കാതെ വിശാലമായ മാനവികതയുടെ ലക്ഷ്യത്തോടു ചേർത്തുവെച്ചു ചിന്തിച്ച അദ്ദേഹം മാർത്തോമ്മാ സഭയോടു എക്കാലത്തും തികഞ്ഞ പ്രതിബദ്ധത നില നിർത്തുകയും സഭയുടെ തനിമയെ എന്നും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. കാലം ചെയ്ത ഏബ്രഹാം മാർത്തോമ്മാ തിരുമേനി സുവിശേഷ തീക്ഷ്ണതയിൽ മുന്നേറുവാൻ സഭയ്ക്കു നേതൃത്വം നൽകുകയും തുടർന്ന് ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി സുവിശേഷീകരണവും സാമൂഹ്യ പ്രതിബദ്ധതയും സമന്വയിപ്പിച്ച് സഭയെ നയിക്കുകയും ചെയ്ത ഒരു കാലഘട്ടമാണ് ഡോ. എം.എം. തോമസ് എന്ന വേദശാസ്ത്രചിന്തകനെ വളർത്തിയെടുത്തത് എന്ന വസ്തുതയും നാം ഓർക്കേണ്ടതായിട്ടുണ്ട്. അദ്ദേഹത്തിന്റെ ജന്മശതാബ്ദി സമ്മേളനം സഭയുടെ ആഭിമുഖ്യത്തിൽ മണ്ഡലത്തിന്റെ തലേദിവസം തിരുവല്ല എസ്.സി. പള്ളിയിൽ സമുചിതമായി നടത്തപ്പെടുകയു

ണ്ടായി.

മലയാളസാഹിത്യത്തിനും ഭാരതീയ സാഹിത്യത്തിനും നിസ്തുല്യ സംഭാവനകൾ നൽകിയ ഡോ.കെ. എം. ജോർജ്ജ് മാർത്തോമ്മാ സഭയുടെ ഒരു അഭിമാനമായിരുന്നു. 1988 ൽ പത്മശ്രീ ബഹുമതി നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു. അക്ഷരാർത്ഥത്തിൽ തന്നെ അദ്ദേഹം ഒരു വിജ്ഞാനകോശം തന്നെയായിരുന്നു. മൂത്താംപാക്കൽ സാധുകൊച്ചുഞ്ഞ് ഉപദേശിയുടെ ഗാനങ്ങളെ അവലോകനം ചെയ്തുകൊണ്ട് ഉപദേശിയിലെ സാഹിത്യ പ്രതിഭയെ അദ്ദേഹം കണ്ടെത്തി അവതരിപ്പിച്ചത് ശ്രദ്ധേയമാണ്. ഡോ. കെ.എം. ജോർജ്ജ് ഒരു ഭാഷാസ്നേഹിയും സഭാസ്നേഹിയുമായിരുന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദി, ജന്മനാടായ ഇടയാറന്മുളയിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളോടു കൂടിയാണ് ആചരിച്ചത്. അടുത്ത സമയത്ത് സമാപനവും സമുചിതമായി നടന്നു. അദ്ദേഹത്തിന്റെ ജന്മശതാബ്ദി ആചരണത്തിനു നേതൃത്വം നൽകിയ ഏവരെയും അഭിനന്ദിക്കുന്നു.

നമ്മുടെ സഭയുടെ ആസ്ഥാനമായി പരിലസിക്കുന്ന എസ്.സി. എസ്. കാമ്പസിൽ പണികഴിപ്പിച്ച പൂലാത്തീൻ അരമന ഉൾപ്പെടെയുള്ള കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എൺപതു ശതമാനവും പൂർത്തിയായി. സഭാമണ്ഡലത്തിന്റെ ആദ്യ ദിവസം വൈകിട്ട് നമ്മുടെ സഭയിലെ തിരുമേനിമാരുടെയും സഹോദരി സഭകളുടെ ബിഷപ്പുമാരുടെയും സഭാമണ്ഡലാംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെയും സാന്നിധ്യത്തിൽ ചാപ്പലും അരമനയും കൂദാശ ചെയ്തു. ഈ കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെയും ഫർണിഷിങ്ങിന്റെയും പൂർത്തീകരണത്തിനായി ഇനിയും മൂന്നു മാസം കൂടി വേണ്ടിവരും.

കിഴക്കിന്റെ കൽദായ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി ഗീവർഗീസ് മൂന്നാമൻ നിയോഗിക്കപ്പെട്ടു. മുൻ പാത്രിയാർക്കീസ് ബാവ കാലം ചെയ്ത ശേഷം ഇന്ത്യയിലെ കൽദായ സഭയുടെ മേലദ്ധ്യക്ഷനായിരിക്കുന്ന മാർ അപ്രേം തിരുമേനിയായിരുന്നു പാത്രിയാർക്കീസ് ബാവയുടെ അസാന്നിധ്യത്തിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചിരുന്നത്. പുതിയ മേലധ്യക്ഷന്റെ തെരഞ്ഞെടുപ്പിനായുള്ള ഒരുക്കങ്ങൾ ചെയ്തതും മാർ അപ്രേം തിരുമേനിയായിരുന്നു. ആഗോള സഭയ്ക്ക് ഭാരത സഭ ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുല്യ സേവനങ്ങളെയോർത്ത് ദൈവത്തെ സ്തുതിക്കാം. ഇറാക്കിലെ Erbil ൽ യൂഹാനോൻ മംദാനായുടെ നാമധേയത്തിലുള്ള പള്ളിയിൽ വെച്ച് സെപ്റ്റംബർ 27 ന് പുതിയ പാത്രിയാർക്കീസ് സ്ഥാനാഭിഷിക്തനായി. പ്രസ്തുത ശുശ്രൂഷയിലേക്ക് മാർത്തോമ്മാ സഭയെയും ക്ഷണിച്ചിരുന്നു. മലങ്കര മാർത്തോമ്മാ സുറിയാനിസഭയുടെ അഭിനന്ദനങ്ങളും ആശംസകളും നാം അറിയിച്ചിട്ടുണ്ട്.

കേരളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനായി ഒരുങ്ങുകയാണ്. വിവാദങ്ങൾ ഇനിയും കെട്ടടങ്ങിയിട്ടില്ല. നാടിന്റെ ഉന്നമനത്തിനു ക്രിയാത്മകമായും ഫലപ്രദമായും അനേകം കാര്യങ്ങൾ ചെയ്യുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വിചാരിച്ചാൽ സാധിക്കും. എന്നാൽ സങ്കുചിതമായ രാഷ്ട്രീയവും അപക്വമായ വ്യക്തിതാൽപര്യങ്ങളും പുരോഗതിയുടെ വഴിയിലെ വിലങ്ങു തടികളായി നിലനിൽക്കുകയാണ്. സമൂഹനന്മ ലക്ഷ്യമാക്കി നിലപാടുകൾ സ്വീകരിക്കുന്ന സമീപനത്തിലൂടെ സുഗമമായ രീതിയിൽ ഈ തിരഞ്ഞെടുപ്പ് നടക്കുവാൻ ഇടയാകട്ടെ എന്നു ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

അടുത്ത കാലത്ത് ഏറ്റവും ശ്രദ്ധിക്കപ്പെട്ട ഒരു സമരമായിരുന്നു മൂന്നാറിലെ 'മുല്ലപ്പൂവിപ്ലവം' എന്ന പേരിൽ വിശേഷിപ്പിക്കപ്പെട്ട സ്ത്രീതൊഴിലാളികളുടെ സമരം. അസംഘടിതരായ സ്ത്രീതൊഴിലാളികളാണ് സംഘടിത തൊഴിലാളി സംഘടനകളിൽ വിശ്വാസം നഷ്ടപ്പെട്ട് ജീവന്മരണ പോരാട്ടമായി തങ്ങളുടെ സമരത്തെ രൂപപ്പെടുത്തിയെടുത്തത് എന്നത് എല്ലാവരും പഠിക്കേണ്ട ഒരു സാമൂഹ്യപാഠമാണ്. ആ സമരവിജയത്തിന്റെ ചുവടുപിടിച്ച് ചിലർ ഉയർത്തുവാൻ ശ്രമിക്കുന്ന പ്രാദേശിക വികാരം ഒട്ടും അഭിലഷണീയമല്ല എന്നു നാം തിരിച്ചറിയണം. ദേവികുളം, മൂന്നാർ മേഖലകളെ തമിഴ്നാടിനോടു കൂടി ചേർക്കണം എന്നു മുല്ലപ്പെരിയാർ സമരകാലഘട്ടത്തിൽ ചില തൽപര കക്ഷികൾ ഉയർത്തിയ നിർദ്ദേശം പുനരുജ്ജീവിപ്പിക്കാനുള്ള നീക്കം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതു അംഗീകരിക്കാവുന്നതല്ല. അയൽ സംസ്ഥാനങ്ങളായ കേരളവും തമിഴ്നാടും തമ്മിലുള്ള ബന്ധത്തെ കൂടുതൽ വഷളാക്കുവാൻ മാത്രമേ ഇത്തരം അപക്വമായ സമീപനങ്ങൾ ഇടയാക്കുകയുള്ളൂ.

പശ്ചിമേഷ്യയിലെ സംഘർഷം അനുദിനം കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. നിയന്ത്രണാതീതമായിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ലോകസമാധാനത്തിനു തന്നെ ഭീഷണിയായിക്കൊണ്ടിരിക്കുകയാണ്. വൻതോതിലുള്ള അഭയാർത്ഥിപ്രവാഹം സംഭവിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം ജീവനെങ്കിലും സംരക്ഷിക്കാനുള്ള അവസാനത്തെ ആഗ്രഹവുമായിട്ടാണ് അവർ ശരണം തേടുന്നത്. അവരോടുള്ള പ്രതികരണങ്ങളിൽ മനുഷ്യമുഖം നഷ്ടപ്പെടുവാൻ പാടുള്ളതല്ല. എന്നാൽ പലായനം ചെയ്തു വരുന്നവർക്ക് അഭയം കൊടുക്കുന്ന രാഷ്ട്രങ്ങൾക്കും അതുമൂലമുണ്ടാകുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതായി വരുമെന്ന വസ്തുതയും പരിഗണിക്കേണ്ടതുണ്ട്. മതം സ്നേഹത്തിന്റെ അടയാളമായി മാറുമ്പോൾ ഇത്തരം സംഘർഷങ്ങൾ അവസാനിക്കുമെന്നു മാത്രമല്ല, ലോകത്തിന്റെ മറ്റു പല പ്രശ്നങ്ങളും പരിഹരിക്കുവാൻ മതം ചാലകശക്തിയായിത്തീരുകയും ചെയ്യും. അത്തരത്തിലുള്ള ഒരു പ്രബുദ്ധത ഏവർക്കും ഉണ്ടാകേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം. ഇക്കാര്യത്തിൽ പ്രതീക്ഷയുടെ പ്രകാശകിരണങ്ങൾ വർഷിച്ചുകൊണ്ടുള്ള ഒരു ചരിത്രപ്രാധാന്യമുള്ള ഇടപെടലാണ് കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ ഫ്രാൻസിസ് മാർപാപ്പാ ക്യൂബാ സന്ദർശനത്തിലൂടെ നിർവഹിച്ചത്. ലോകരാഷ്ട്രത്തലവന്മാർ യു. എസി ൽ ഒത്തുകൂടുന്ന വേളയിൽ അമേരിക്ക സന്ദർശിക്കുന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ സാന്നിധ്യവും പ്രതീക്ഷാനിർഭരമാണ്. ഭാരതത്തിൽ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഇൻഡോറിൽ വെച്ച് ഒക്ടോബർ മാസത്തിൽ Harmony of Religions എന്ന പേരിൽ ഒരു സംഗമം ക്രമീകരിച്ചിട്ടുണ്ട്. ആയതിൽ പങ്കെടുക്കാനുള്ള ക്ഷണം ലഭിച്ചിട്ടുണ്ട്. ആ യോഗത്തിൽ പങ്കെടുക്കുവാൻ താൽപര്യപ്പെടുന്നു. ഇന്ത്യയിൽ ഇന്നു അനുദിനം വഷളായിക്കൊണ്ടിരിക്കുന്ന മതപരമായ അപസ്വരങ്ങളുടെ മധ്യത്തിൽ പ്രതീക്ഷയുടെ ഒരു അനുഭവമായി ആ സംഗമം തീരേണ്ടതിനായി ഏവരും പ്രാർത്ഥിക്കണം.

കഴിഞ്ഞ വർഷം ബദരിനാഥ് ക്ഷേത്രത്തിനു സമീപം ഹിമാലയ പ്രദേശത്തുണ്ടായ മേഘസ്ഫോടനത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് 20 വീടുകൾ നിർമ്മിച്ചു കൊടുക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. നവംബർ മാസത്തോടുകൂടി പ്രസ്തുത സ്ഥലം വീണ്ടും സന്ദർശിച്ച് വീടുകൾ കൈമാറ്റം ചെയ്യാനുള്ള ക്രമീകരണം ചെയ്തുവരുന്നു.

നമ്മുടെ സഭയിലെ സീനിയർ എപ്പിസ്ക്കോപ്പായും റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ അഭിവന്ദ്യ ഗീവർഗീസ് മാർ അത്താനാസ്യോസ് എപ്പി

സ്ക്കോപ്പായെ സഫ്രഗൻ മെത്രാപ്പോലീത്തായായി നിയമിക്കുന്നതിനുള്ള സിനഡിന്റെ ആലോചന അംഗീകരിച്ചുകൊണ്ട് സഭാഭരണഘടന പ്രകാരം തിരുമേനിയെ സഫ്രഗൻ മെത്രാപ്പോലീത്തയായി നിയമിക്കുവാൻ തീരുമാനം ചെയ്ത വിവരം കൽപനയിലൂടെ അറിയിച്ചിട്ടുണ്ടല്ലോ. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ാം തീയതി റാന്നി ക്രിസ്തോസ് മാർത്തോമ്മാ പള്ളിയിൽ രാവിലെ 8 മണിക്ക് വിശുദ്ധ കുർബ്ബാനയോടനുബന്ധിച്ച് നിയോഗശുശ്രൂഷ നടക്കുന്നതാണ്. അനവരതമായ ദൈവകൃപയുടെ അനുഗ്രഹവർഷത്തിൽ ആത്മീയമായും ശാരീരികമായും, കൂടുതൽ ശക്തിയോടും ബലത്തോടും കൂടി ശുശ്രൂഷ ചെയ്യുവാൻ തിരുമേനിക്ക് ഇടയാകട്ടെ എന്നു ആശംസിക്കുന്നു. നിയോഗശുശ്രൂഷയിൽ എല്ലാവരുടെയും പ്രാർത്ഥനാപൂർവമായ സാന്നിധ്യസഹകരണം പ്രതീക്ഷിക്കുന്നു.

മാർത്തോമ്മാ സഭയിലെ ഒരു സീനിയർ വൈദീകനായ മേക്കൊഴൂർ ചിറക്കരോട് പൈവേലിൽ വെരി റവ. പി.എം. ജോർജ്ജ് (85) കശ്ശീശാ നിര്യാതനായി. വൈദിക ട്രസ്റ്റി, സഭാ സെക്രട്ടറി, സീനിയർ വികാരി ജനറാൾ എന്നിങ്ങനെയുള്ള സമുന്നത സ്ഥാനങ്ങളിൽ വളരെ അനുഗൃഹീതമായ ശുശ്രൂഷ നിർവഹിച്ച ബഹുമാനപ്പെട്ട അച്ചന്റെ സേവനങ്ങൾ അവിസ്മരണീയങ്ങളാണ്. അച്ചന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നതോടൊപ്പം സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. ദീർഘവർഷക്കാലം സത്നായിൽ അനുഗൃഹീതമായ ശുശ്രൂഷകൾ നിർവഹിക്കുകയും പിന്നീട് നിരവധി ഇടവകകളിൽ ശ്രേഷ്ഠ ശുശ്രൂഷ നിർവഹിക്കുകയും ചെയ്ത ദിവംഗതനായ റവ. എം.പി. തോമസച്ചന്റെ സഹധർമ്മിണി ഡോ. അക്കാമ്മ തോമസ് (88) നിര്യാതയായി. ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു.

ഒക്ടോബർ മാസത്തെ ധ്യാനം ആരംഭിക്കുന്നത് സന്നദ്ധ സുവിശേഷക സംഘദിനത്തോടുള്ള ബന്ധത്തിലാണ്. സ്ത്രീപുരുഷ ഭേദമില്ലാതെ എല്ലാവരും കൂടിച്ചേർന്നു സാക്ഷ്യത്തിന്റെ ശുശ്രൂഷ നിർവഹിക്കേണ്ട പ്രസ്ഥാനമാണ് സന്നദ്ധ സുവിശേഷകസംഘം. ലോകത്തിന്റെ ഏതിടങ്ങളിലായാലും അവിടെയെല്ലാം ക്രിസ്തുവിന്റെ സ്ഥാനാപതികളായി പൈതൃകമായി ലഭിച്ചിരിക്കുന്ന നവീകരണ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ക്രിസ്തീയ സാക്ഷ്യം നിർവഹിക്കുന്നതിലൂടെ ഓരോരുത്തർക്കും സന്നദ്ധസുവിശേഷക സംഘത്തിന്റെ ദൗത്യം അർത്ഥവത്താക്കിത്തീർക്കാൻ സാധിക്കും. പലപ്പോഴും കണ്ടുവരുന്ന ഒരു അപകടം പലരും ചെല്ലുന്ന ഇടങ്ങളിലെ ജീവിതശൈലികൾ അനുകരിച്ച് നമ്മുടെ സംസ്കാരത്തിന്റെ മാതൃകാപരമായ ഗുണവിശേഷങ്ങൾ തിരസ്ക്കരിച്ച് ചെല്ലുന്ന ഇടങ്ങളിൽ പിടിച്ചു നിൽക്കാൻ ശ്രമിക്കുന്നതാണ്. അങ്ങനെയുള്ളവരെക്കുറിച്ചാണ് 'ഉത്തരത്തിലിരിക്കുന്നതു എടുക്കാനും കഴിഞ്ഞില്ല, കക്ഷത്തിലിരുന്നതു പോകുകയും ചെയ്തു' എന്ന പഴഞ്ചൊല്ല് അനുസ്മരിപ്പിക്കുന്നത്. ഈ അവസ്ഥ വന്നു ഭവിക്കാതിരിപ്പാൻ എല്ലാവരും ശ്രദ്ധിക്കണം. സന്നദ്ധ സുവിശേഷകസംഘ ദിനത്തിലെ വചനധ്യാനം ഇക്കാര്യത്തിൽ ദിശാബോധം പകരട്ടെ. 'വ്യത്യസ്ത കഴിവുള്ളവരുടെ അന്തസ്സും ആശ്രയത്വവും' എന്ന ചിന്താവിഷയമാണ് ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച സഭയായി ധ്യാനിക്കുന്നത്. നമ്മുടെ സമൂഹത്തിൽ പ്രത്യേക പരിഗണന ലഭിക്കേണ്ട വ്യത്യസ്ത കഴിവുകളുള്ളവരുടെ എണ്ണം പല കാരണങ്ങളാൽ വർദ്ധിക്കുകയാണ്. അങ്ങനെയുള്ളവരെ അംഗീകരിക്കുവാനും അവരുടെ കഴിവുകളെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും ആദരിക്കുവാനും നമുക്കു വലിയ ഉത്തരവാദിത്തമുണ്ട്. തെള്ളിയൂരിലെ എം.സി.ആർ.ഡി.യിലെ യോഹന്നാൻ ചാണ്ടി എന്ന വിദ്യാർത്ഥി ഭിന്നശേഷിയുള്ളവരുടെ ലോസ് ഏഞ്ചൽസിൽ വെച്ചു നടന്ന ലോക ഒളിംപിക്സിൽ പങ്കെടുത്ത് വെള്ളി മെഡൽ നേടി തിരിച്ചെത്തിയത് എത്രയോ സന്തോഷകരവും അഭിമാനകരവുമായ അനുഭവമത്രെ. തിരികെ വന്ന് സ്ഥാപനത്തിലേക്കുള്ള യാത്രാമദ്ധ്യേ പൂലാത്തീനിൽ എത്തി വെള്ളിമെഡൽ എടുത്തുകാട്ടി പ്രാർത്ഥിക്കണമെന്നപേക്ഷിച്ചത് അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു. സഭയുടെ പത്തനാപുരത്തുള്ള ആശാഭവനിൽ വളർന്ന സജയ് കുമാർ എന്ന കുട്ടി രണ്ടു കൈകളുമില്ലാതെയാണ് ജനിച്ചത്. എന്നാൽ കാലിൽ ബ്രഷ് പിടിച്ച് സുന്ദരങ്ങളായ ചിത്രങ്ങൾ വരച്ച ആ കുട്ടിയിലെ കഴിവിനെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചപ്പോൾ ആ മേഖലയിൽ സജയ് കുമാർ വ്യക്തിമുദ്ര പതിപ്പിച്ചു. ഇന്ന് Master of Arts ബിരുദം നേടിയ ആ ചെറുപ്പക്കാരൻ പറഞ്ഞത് "ദൈവത്തിന്റെ കൈ എന്നോടു കൂടെ ഉള്ളപ്പോൾ എന്തിനാണ് എനിക്ക് വേറെ കൈ" എന്നാണ്. എത്ര വലിയ സാക്ഷ്യമാണ് ആ ചെറുപ്പക്കാരന്റേത്! ഒക്ടോബർ 18 ഞായർ യുവജനഞായറായി സഭ വേർതിരിച്ചിരിക്കുകയാണ്. അർത്ഥവത്തായ ജീവിതത്തിന്റെ അന്വേഷകരായി നമ്മുടെ യുവജനങ്ങൾ മാറണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. "ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്" എന്നു വി. പൗലോസ് തിമൊഥെയോസിനു നൽകുന്ന പ്രബോധനത്തിനു ഇക്കാലത്ത് ഏറെ പ്രസക്തിയുണ്ട്. നല്ല മൂല്യങ്ങൾ കുട്ടികളിലേക്ക് പകരുവാൻ മുതിർന്ന തലമുറ ശ്രദ്ധിച്ചാൽ മാത്രമേ മൂല്യബോധമുള്ള ഒരു യുവതലമുറ രൂപപ്പെടുകയുള്ളൂ. അഗസ്റ്റിൻ എന്ന ചെറുപ്പക്കാരൻ ലോകമോഹങ്ങളിൽ മുഴുകി നടന്നപ്പോൾ അവന്റെ അമ്മ മോണീക്കാ കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു. ആ മകൻ മാനസാന്തരപ്പെട്ടു. പിന്നീട് വി. അഗസ്റ്റിൻ എന്ന പേരിൽ ആദരിക്കപ്പെട്ടു. തിമൊഥെയോസിനെപ്പോലെ ഉള്ളിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കുന്ന യുവജനങ്ങളെയാണ് സഭയ്ക്കും സമൂഹത്തിനും ആവശ്യം. ഒക്ടോബർ 25 ഞായർ കുടുംബദിനമായി നാം ആചരിക്കുന്നു. ദൈവത്തിന്റെ ദാനവും പദ്ധതിയുമാണ് കുടുംബം. ദൈവത്തിന്റെ പദ്ധതിയിൽ ഏദനിലെ കുടുംബം ചേർന്നിരുന്നപ്പോൾ സന്തുഷ്ട കുടുംബമായിരുന്നു. എന്നാൽ ദൈവത്തിന്റെ പദ്ധതിയിൽ നിന്നും അകന്നപ്പോൾ ആ കുടുംബത്തിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടു. യോശുവായെപ്പോലെ "ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും" എന്നു സാക്ഷിക്കുവാൻ സാധിക്കണം. 'നീ എവിടെ?', 'നിന്റെ സഹോദരൻ എവിടെ?' എന്നീ ചോദ്യങ്ങളാണ് ഉൽപ്പത്തിപുസ്തകത്തിൽ ദൈവം ഉയർത്തിയ ആദ്യത്തെ പ്രസക്തമായ രണ്ടു ചോദ്യങ്ങൾ. ഇന്നാണെങ്കിൽ "നീ എവിടെ?" "നിന്റെ സഹോദരൻ എവിടെ?" എന്നീ ചോദ്യങ്ങളോടൊപ്പം 'നിന്റെ മാതാപിതാക്കളെവിടെ' 'നിന്റെ മക്കളെവിടെ?' എന്നീ ചോദ്യങ്ങൾ കൂടി ദൈവം ചോദിക്കും. ഈ ചോദ്യങ്ങൾക്ക് ആത്മാർത്ഥമായി ഉത്തരം തേടുന്നവർക്ക് ദൈവത്തോടുള്ള ബന്ധത്തിലും പരസ്പരമുള്ള ബന്ധത്തിലും മറ്റുള്ളവരുമായുള്ള ബന്ധത്തിലും കെട്ടുറപ്പുള്ള കുടുംബങ്ങളായി നിലനിൽക്കുവാനും വളരുവാനും സാധിക്കും. ഉത്തമകുടുംബങ്ങളായിത്തീരുവാൻ നമ്മുടെ ഭവനങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

കൃപ നിങ്ങളെല്ലാവരോടുംകൂടി ഇരിക്കുമാറാകട്ടെ.

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ,
28-09-2015